ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : അതു ഇപ്പോൾ കണക്കുകൂട്ടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഗവണ്മെൻറ് ഏറെറടുത്ത വ്യവസായശാലകളിൽ എത്രയെണ്ണം പരാജയമടഞ്ഞിട്ടുണ്ട്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ഒന്നും പരാജയമടഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

സാഹിബ് ബഹദൂർ കെ. എ മഹമ്മദ് : വ്യവസായശാലകളെക്കുറിച്ച് അനേഷിച്ച് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനു എന്തെല്ലാം നടപടികളാണ് ഗവണ്മെൻറ് ഇതിനകം എടുത്തിട്ടുള്ളത്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ആ നിർദ്ദേശങ്ങൾ ഓരോന്നായി നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ് നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്.

Sri. N. D. Jose: Does the Government mean to say that the Government has not taken up the management of the West Coast Fisheries after failure of that company?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : അതിന്റെ പ്രവർത്തനം കൂടുതൽ ഉപകാരപ്രദമാക്കുവാനാണ് അതിന്റെ മാനേജിംഗ് ഏജൻസി ഗവണ്മെൻറ് ഏറെറടുത്തിരിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങളെ ഒന്നുകൂടി പരിശോധിച്ചതിനു ശേഷമേ മാനേജ്മെൻറ് ഗവണ്മെൻറ് ഉടനടുക്കയുള്ളൂ.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : വെസ്റ്റ് കോസ്റ്റ് ഫിഷറീസ നടത്തുവാൻ പോകുന്നതു ആരാണ്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : എക്സ്പെർട്സിനെ വരുത്തി അവരുടെ അഭിപ്രായത്തിനു ശേഷമേ അതിനെപ്പററി ആലോചിക്കയുള്ളൂ.

കയർ സൊസൈറ്റി

*ഫനൂസ (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിൽ നടത്തിയ കയർ സൊസൈറ്റി പൂത്തിയായോ;

(ബി) അതു സംബന്ധിച്ചു വല്ല പ്രസിദ്ധീകരണങ്ങളും പൊതുജനോപകാരാർത്ഥം ഗവണ്മെൻറിൽ നിന്നും ചെയ്തിട്ടുണ്ടോ;

(സി) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ആളുകൾ കയർ ഉൽപ്പാദകജോലിയിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അതു ജനസംഖ്യയുടെ എത്ര ശതമാനമെന്നും പറയുമോ;

(സി) ദിവസം ശരാശരി എത്ര കയർ തിരുവിതാംകൂർ-കൊച്ചിയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നു പറയുമോ;

(ഈ) ഈ രാജ്യത്തു ഉൽപ്പാദിപ്പിക്കുന്ന കയർ എതെല്ലാം വിദേശവിപണികളിൽ ചെലവു ചെയ്യുന്നതിനു എന്തു വ്യവസ്ഥ ഗവണ്മെൻറിൽനിന്നും ചെയ്തിട്ടുണ്ടെന്നു പറയുമോ?

വ്യവസായവും, തൊഴിലും, വകുപ്പു മന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ): (എ) സൊസൈറ്റി പൂത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സപ്ലൈ മുഖാന്തിരം ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം പൂർത്തിയായിട്ടില്ല.

(സി & ഡി) മേൽ ഉത്തരംകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ രാജ്യത്തുനിന്നു കയർ പല വിദേശവിപണികളിലും അയച്ചുവിൽക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിക്കുകയും കയറിന്റെ കയറ്റുമതിയെ സംബന്ധിച്ചു് ഈ ഗവൺമെൻറിന്റെ അഭിപ്രായംകേന്ദ്ര ഗവൺമെൻറിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടു്. അതു ഇനി കേന്ദ്ര ഗവൺമെൻറ് ചെയ്യുന്നതാണു്.

ശ്രീ. കെ. രാമചന്ദ്രൻ: കയറിനു വിദേശ വിപണികളിൽ ധാരാളം മാർക്കറ്റ് കണ്ടുപിടിക്കുവാൻ ഗവൺമെൻറ് വിചാരിക്കുമോ?

Mr. Speaker: That is a suggestion for action.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവിടെ പ്രൊഡക്ഷനാണോ ഡിമാണ്ടാണോ കൂടുതൽ ഉള്ളതു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇവിടെ ഉണ്ടാക്കുന്ന കയറിന്റെ ഡിമാണ്ടു് അടുത്തകാലത്തു് കുറച്ചു് കുറഞ്ഞിരിക്കുകയാണു്. അതിനുള്ള കാരണം പറഞ്ഞിട്ടുള്ളതു് ഈ സാധനങ്ങളുടെ കച്ചവടത്തിലും മറ്റും കുറച്ചു മോശം വന്നിട്ടുണ്ടെന്നാണു്.

ശ്രീ. എ. പി. ഉദയഭാനു: വിദേശരാജ്യങ്ങളുമായി ഇൻഡ്യാ ഗവൺമെൻറ് ടെയ്ഡ് എഗ്രിമെൻറിൽ ഏർപ്പെടുന്ന അവസരത്തിൽ ഈ കയറുൽപാദനവുംകൂടി ടെയ്ഡ് എഗ്രിമെൻറിൽ ഉൾപ്പെടുത്തണമെന്നു ഇൻഡ്യാഗവൺമെൻറിന്റെ അടുത്തു് നിവേദനം ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: നിവേദനം ചെയ്തിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: കയറിന്റെ കച്ചവടം നന്നാക്കുന്നതിനു ഗവർമ്മെൻറ് വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അവരുടെ അസോസിയേഷനെ ഈ വിവരം അറിയിച്ചിട്ടുണ്ടു്.

ശ്രീ. ഗാസ്പർ ഡിസിൽവ: കയറിന്റെ കച്ചവടം മോശമാകുന്നതു് കയറും ചകിരിയും ഉപ്പുവെള്ളത്തിൽ മുക്കുന്നതുകൊണ്ടാണെന്നു അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: എന്തുകൊണ്ടാണെന്നു അറിഞ്ഞുകൂടാ.

ശ്രീ. എ. പി. ഉദയഭാനു: കയറിന്റെ കച്ചവടം നന്നാക്കുന്നകാര്യത്തിൽ വെയർഹൌസിംഗും സ്റ്റാൻഡർഡൈസേഷൻ ചെയ്യുവാൻ ഗവർമ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ശ്രദ്ധിക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കയറിന്റെ വില നിർണ്ണയിക്കുന്നതു ഏതാനും വിദേശക്കമ്പനികളാണെന്നു ഗവർമ്മെൻറിനു അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: അതിന്റെ ആവശ്യം അനുസരിച്ചാണു് വില കൂടുന്നതും കുറയുന്നതും.

LIBRARY ARCHIVES Kerala Legislative Assembly